**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല — കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി.ഇ. വിജയൻ നായർക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1300/2018/തസ്വഭവ                    തീയതി, തിരുവനന്തപുരം, 09.05.2018

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.09.2015-ലെ ഇ 5(എസ് സി 24/2015/കെടിഎം)21266/15 നമ്പർ കത്ത്

2. സർക്കാരിന്റെ 20.06.2016-ലെ 656/ഇപിബി2/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3. ശ്രീ. സി.ഇ. വിജയൻ നായർ സമർപ്പിച്ച 29.12.2016-ലെ എതിർവാദ പത്രിക

4. സർക്കാരിന്റെ 19.07.2017-ലെ 656/ഇപിബി2/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**ഉത്തരവ്**

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ ശ്രീ. മനോജ് നിലമ്പാടം എന്ന വ്യക്തിയ്ക്ക് കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ചു കൊണ്ട് വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുകയുണ്ടായി എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി വീഴ്ചകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി.ഇ. വിജയൻ നായർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ ടിയാൻ 30.11.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പ്രസ്തുത ക്രമക്കേടിന് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സി.ഇ. വിജയൻ നായർ പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ ശ്രീ. മനോജ് നിലമ്പാടം എന്നവർ പുതിയ കെട്ടിടം പണിയുന്നതിന് എൻ.ഒ.സി. ആവശ്യപ്പെട്ടുകൊണ്ട് 20.02.2014-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഓവർസീയർ സ്ഥല പരിശോധന നടത്തുകയുണ്ടായെന്നും ശ്രീ. മനോജ് പ്രവർത്തി ആരംഭിച്ചതായും ആവശ്യമായ സെറ്റ് ബാക് ഇല്ലാതെയാണ് ടി കെട്ടിടം പണിതതെന്നുമുള്ള പരിശോധനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം നിറുത്തി വെക്കുന്നതിനു പഞ്ചായത്തിൽ നിന്നും നോട്ടീസ് പതിച്ചുവെന്നും ടിയാൻ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായാണ് കെട്ടിടം നിർമ്മിക്കുന്നതെന്നു ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പൊളിച്ചു കളയുന്നതിനു 26.06.2015-ൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയെന്നും ആയതിനു ടിയാൻ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ടി കെട്ടിടം 15 ദിവസത്തിനുള്ളിൽ പൊളിച്ചു നീക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയിരുന്നുവെന്നും തുടർ മാസങ്ങളിൽ പഞ്ചായത്തു പൊതു തെരെഞ്ഞെടുപ്പുമായി

ബന്ധപ്പെട്ട തിരക്കിൽ ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കില്ലായിരുന്നുവെന്നും പിന്നീട് താൻ സേവനത്തിൽ നിന്നും 30.11.2015-ൽ വിരമിക്കുകയായിരുന്നതിനാൽ 30.10.2015 മുതൽ ലീവിൽ ആയിരുന്നുവെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. വിജയൻ നായർ നൽകിയ മറുപടിയിൽ നിന്നും ഹിയറിങ് വേളയിൽ വെളിപ്പെടുത്തിയ വിവരങ്ങളിൽ നിന്നും ശ്രീ മനോജ് നിലമ്പാടം നിയമപ്രകാരമല്ലാതെയും അനുമതി വാങ്ങാതെയും പണിത കെട്ടിടത്തിന് സ്റ്റോപ്പ് മെമോ 22.03.2014-ൽ നൽകിയെങ്കിലും ടിയാൻ പണിതുടരുകയും ആയതിനെതിരെ വീണ്ടും നടപടി സ്വീകരിച്ചത് 26.05.2015-ലാണ് എന്നും സ്റ്റോപ്പ് മെമ്മോ നൽകിയശേഷം ഒരു പരിശോധന നടത്തിയിരുന്നുവെങ്കിൽ ടിയാന് കെട്ടിടം പണി പൂർത്തീകരിക്കുവാൻ സാധിക്കുമായിരുന്നില്ല എന്നും ശ്രീ. സി.ഇ. വിജയൻ നായരുടെ ഭാഗത്തു നിന്നും ബോധപൂർവ്വമല്ലെങ്കിൽക്കൂടി മേൽ നോട്ടക്കുറവ് ഉണ്ടായിട്ടുണ്ട് എന്നും കണ്ടതിനാൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്തുക എന്ന താൽക്കാലിക തീരുമാനത്തിൽ ഇളവു വരുത്തി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 50/ രൂപ വീതം ഒരു വർഷത്തേയ്ക്ക കുറവ് വരുത്തുക എന്ന് തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ആയതിന് ടിയാൻ നല്കിയ മറുപടിയിൽ ടി തുക പ്രതിമാസം ഈടാക്കാതെ ഒന്നിച്ച് ഒടുക്കാനുള്ള സൗകര്യം നല്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ചട്ടപ്രകാരം അതിനുള്ള വ്യവസ്ഥയില്ല.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, സെക്രട്ടറി ശ്രീ. സി.എസ്. വിജയൻ നായർക്കെതിരെ കഠിനശിക്ഷയ്ക്കുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുള്ളതിനാൽ അച്ചടക്ക നടപടി തീർപ്പാക്കുന്നതിനു മുമ്പ് ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.എസ്. വിജയനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
2. ശ്രീ. സി.ഇ. വിജയൻ നായർ, മുൻ സെക്രട്ടറി, കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്, കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/656/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ